## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3049 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യ സംസ്കരണ സംവിധാനം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.സി. ദിവാകരൻ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | അറവുശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ശരിയായ മാലിന്യ സംസ്കരണ സംവിധാനങ്ങളില്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 21.08.2009-ലെ സർക്കാർ സർക്കുലർ നം. 1173/ഡിബി2/09/തസ്വഭവ പ്രകാരം അനധികൃത അറവുശാലകളെ കണ്ടെത്തി ആവശ്യമായ നിയമനടപടികൾക്ക് വിധേയമാക്കുവാൻ വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യസ്റ്റാളുകൾ, കല്ല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്യേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽതന്നെ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്നുള്ളത് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഇത്തരം സ്ഥാപനങ്ങൾ സമർപ്പിക്കുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളായ ബയോഗ്യാസ് പ്ലാന്റുകൾ, തുമ്പൂർ മുഴി, പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകളുടെ പ്രോജക്ട് സാങ്കേതികമായി പരിശോധിച്ച് ശുചിത്വ മിഷൻ അർഹമായ സാമ്പത്തിക സഹായം നൽകിവരുന്നു.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, |

| | | | |
|---|---|---|---|
| | | | പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ, എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരം തിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, ഏയ്റോ ബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീക രിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന് 22-07-2017-ലെ സ.ഉ (സാധാ) നമ്പർ.2511/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി & ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽ പറഞ്ഞ രീതിയിലുള്ള സ്ഥാപനങ്ങൾ മേൽ വിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോ ജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി & ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്നും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ